<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

<u>ചോദ്യം നംപർ: 1869</u>

<u>18/06/2012 – ൽ മറുപടിയ്ക്ക്</u>

## ജയിൽ പരിഷ്ക്കരണം

<u>ചോദ്യം</u>

ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ.സി.പി. മുഹമ്മദ്
ശ്രീ. വർക്കല കഹാർ
ശ്രീ. പി.എ. മാധവൻ

<u>മറുപടി</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിലുകൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പരിഷ്ക്കരണങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. സി.സി.റ്റി.വി. സംവിധാനം തിരുവനന്തപുരം, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിൽ സ്ഥാപിച്ചു കഴിഞ്ഞു. കണ്ണൂർ സെൻട്രൽ ജയിലിൽ ടെലി മെഡിസിൻ നടപ്പിലാക്കുന്നതിന് സിഡാക്കിനെ ചുമതലപ്പെടുത്തി പണിയാരംഭിച്ചിരിക്കുന്നു. ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ, തിരുവനന്തപുരം ജില്ലാ ജയിൽ, തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ , ജയിൽ ആസ്ഥാന കാര്യാലയം എന്നിവിടങ്ങളിൽ സൗരോർജ്ജ പദ്ധതി |

| | |
|---|---|
| | നടപ്പിലാക്കുന്നതിനുള്ള ജോലി കെൽട്രോൺ ആരംഭിച്ചു കഴിഞ്ഞു. ജയിൽ സുരക്ഷയും അച്ചടക്കവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ജാമറുകൾ സ്ഥാപിച്ചു കഴിഞ്ഞു. തടവുകാർക്ക് പുതിയ തൊഴിൽ പരിശീലന പരിപാടി എന്ന നിലയിൽ കാറ്ററിംഗ് യൂണിറ്റ് ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലിലും ആരംഭിച്ചു. |
| (സി) ജയിലുകളിലെ ഫോട്ടോകളും ചിത്രങ്ങളും നീക്കം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ; | (സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) തടവുകാർ ജയിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) ജയിലുകളിൽ സി.സി.ടി.വി. സംവിധാനം, മൊബൈൽ ജാമർ, വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ സ്ഥാപിച്ച് തടവുകാരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും അതുവഴി അവർ ജയിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് കൂടുതൽ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ